# പതിമൂന്നാം കേരള നിയമസഭ

## ഒൻപതാം സമ്മേളനം

**നക്ഷത്രചിഹ്നമിടാത്ത നിയമസഭാ ചോദ്യം നം.2448 19.06.2013-ൽ മറുപടിക്ക്**

## കേരളാ വാട്ടർ അതോറിറ്റിക്ക് നവീന ട്രെയിനിംഗ് സെന്റർ

| ചോദ്യം | മറുപടി |
|---|---|
| ശ്രീ.വി.ഡി.സതീശൻ<br>ശ്രീ.എ.പി. അബ്ദുള്ളക്കുട്ടി<br>ശ്രീ.ആർ.സെൽവരാജ്<br>ശ്രീ.വി.റ്റി.ബൽറാം | ശ്രീ. പി.ജെ. ജോസഫ്<br>(ജലവിഭവ വകുപ്പ് മന്ത്രി) |
| (എ) കേരള വാട്ടർ അതോറിറ്റിയ്ക്ക് നവീന ട്രെയിനിംഗ് സെന്റർ ആരംഭിക്കുന്നതിന് നടപടികൾ ആവിഷ്ക്കരിച്ചിട്ടുണ്ടോ; | (എ) കേരളാ വാട്ടർ അതോറിറ്റിയിലെ ഉദ്യോഗസ്ഥർക്ക് പരിശീലനം നൽകുന്നതിനായി നവീന ട്രെയിനിംഗ് സെന്റർ സ്ഥാപിച്ച് പ്രവർത്തനം ആരംഭിച്ചിട്ടുണ്ട്. ജപ്പാൻ സഹായത്തോടെ നടപ്പാക്കുന്ന കേരളാ വാട്ടർ സപ്ലൈ പ്രോജക്ടിൽ ഉൾ പ്പെടുത്തി വെള്ളയമ്പലത്ത് പൂർത്തിയാക്കിയ ട്രെയിനിംഗ് സെന്ററിന്റെ ഉദ്ഘാടനം 2012 നവംബർ ഏഴിന് നടന്നു. |
| (ബി) എങ്കിൽ ഇതിന്റെ ഉദ്ദേശ്യ-ലക്ഷ്യങ്ങൾ വിശദമാക്കുമോ; | (ബി) കേരളാ ജല അതോറിറ്റിയിലെ ഉദ്യോഗസ്ഥർക്ക് അവരുടെ ദൈനംദിന പ്രവർത്തനങ്ങൾ മെച്ചപ്പെടുത്തുന്നതിന് ആവശ്യമായ പരിശീലനം നൽകി ജല അതോറിട്ടിയുടെ സേവനം കൂടുതൽ ജനോപയോഗപ്രദമാക്കുകയാണ് പ്രധാന ഉദ്ദേശ്യം. ഇതിനായി വിവിധ വിഷയങ്ങളിൽ (സാങ്കേതികം, മാനേജ്മെന്റ്, ഭരണപരം, വ്യക്തിത്വ വികസനം) പരിശീലന പരിപാടികൾ ആവിഷ്ക്കരിച്ച് നടപ്പാക്കുന്നുണ്ട്. ക്രമേണ ജല മേഖലയുടെ പൊതുവായ വികസന |

| | | | |
|---|---|---|---|
| | | | ത്തിന് ബന്ധപ്പെട്ട വകുപ്പുകളിലെ/ സ്ഥാപനങ്ങളിലെ ഉദ്യോഗസ്ഥർക്കും പരിശീലനം നൽകുന്ന മാതൃകാ സ്ഥാപനമായി ഉയർത്തുന്നതിനും ഉദ്ദേശിക്കുന്നു. |
| (സി) | ഏതെല്ലാം ഏജൻസികളാണ് ഇതിനായി സഹകരിക്കുന്നത്; വിശദമാക്കുമോ; | (സി) | ജപ്പാൻ ഇന്റർ നാഷണൽ കോ-ഓപ്പറേഷൻ ഏജൻസിയുടെ ധനസഹായത്തിലാണ് നിർമ്മാണ പ്രവർത്തനങ്ങൾ പൂർത്തിയാക്കിയത്. ട്രെയിനിംഗ് സെന്ററിന്റെ നടത്തിപ്പും പരിപാലനവും ജല അതോറിറ്റി നേരിട്ടാണ് നടത്തുന്നത്. |
| (ഡി) | ഇതിനായി എന്തെല്ലാം പ്രവർത്തനങ്ങൾ നടത്തിയിട്ടുണ്ട്; വിശദാംശങ്ങൾ എന്തെല്ലാം? | (ഡി) | ട്രെയിനിംഗ് സെന്ററിൽ താഴെ പ്പറയുന്ന സൗകര്യങ്ങൾ ഏർ പ്പെടുത്തിയിട്ടുണ്ട്.<br>1.ആധുനിക സൗകര്യങ്ങളോടുകൂടിയ രണ്ട് ക്ലാസ് റൂമുകൾ<br>2.36 പേർക്ക് ഒരേ സമയം പരിശീലനം നൽകാൻ കഴിയുന്ന ആധുനിക കമ്പ്യൂട്ടർ ലാബ്.<br>3. വീഡിയോ കോൺഫറൻസിംഗ് സൗകര്യമുള്ള കോൺ ഫറൻസ് ഹാൾ<br>4. 2 വർക്ക് ഷോപ്പ് ഹാളുകൾ<br>5. ലൈബ്രറി ഹാൾ<br>6. ഓഫീസ് സൗകര്യം<br>7. 42 പേർക്ക് ഒരേ സമയം താമസ സൗകര്യമുള്ള ഹോസ്റ്റൽ കെട്ടിടം. |

സെക്ഷൻ ഓഫീസർ